REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- NDA തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി പാലക്കാട് റോഡ്ഷോ നടത്തി.
- പ്രകടന പത്രിക അംഗീകരിക്കാൻ കോൺഗ്രസ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
- ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്.
- സംസ്ഥാനത്ത് വോട്ടെടുപ്പ് തിയതി മാറ്റണമെന്ന് KPCC.
- തിരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ ഈ മാസം 25 വരെ പേര് ചേർക്കാൻ അവസരം.
- ജാർഖണ്ഡ് ഗവർണർ സി.പി രാധാകൃഷ്ണന് തെലങ്കാന ഗവർണറുടെയും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറുടെയും അധിക ചുമതല നൽകി.

## വാർത്തകൾ വിശദമായി

NDA തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി പാലക്കാട് റോഡ്ഷോ നടത്തി. രാവിലെ പത്തരമണിയോടെ കോട്ടമൈതാനത്തിന്

സമീപത്തെ അഞ്ചുവിളക്കിൽ നിന്നാണ് റോഡ് ഷോ ആരംഭിച്ചത്. സുൽത്താൻ പേട്ട വഴി ഹെഡ് പോസ്റ്റോഫീസിന് സമീപം അവസാനിച്ചു. പ്രധാനമന്ത്രിക്കൊപ്പം തുറന്ന വാഹനത്തിൽ BJP സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രനും, പാലക്കാട്, പൊന്നാനി ലോക്സഭാ മണ്ഡലം NDA സ്ഥാനാർഥികളും ഉണ്ടായിരുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷമുള്ള പ്രധാനമന്ത്രിയുടെ കേരളത്തിലെ ആദ്യ പ്രചാരണ പരിപാടിയായിരുന്നു പാലക്കാട്ടെ റോഡ്ഷോ.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് പ്രകടന പത്രിക അംഗീകരിക്കാൻ കോൺഗ്രസ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, K.C.വേണുഗോപാൽ തുടങ്ങിയ മുതിർന്ന നേതാക്കൾ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

സ്ഥാനാർത്ഥി പട്ടികയ്ക്ക് അന്തിമ രൂപം നൽകാൻ കോൺഗ്രസ്സ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മറ്റി യോഗം വൈകിട്ട് ചേരുമെന്നാണ് റിപ്പോർട്ട്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് ഒന്നാംഘട്ട തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നാളെ പുറപ്പെടുവിക്കും. 17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ്

ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ്. ലക്ഷദ്വീപിലെ ഒരു മണ്ഡലവും ഇതോടൊപ്പം വിധിയെഴുതും.

തമിഴ്നാട്ടിലെ 39 ഉം, രാജസ്ഥാനിലെ പന്ത്രണ്ടും, ഉത്തർപ്രദേശിലെ എട്ടും മധ്യപ്രദേശിൽ ആറ്സീറ്റുകളിലും, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് സീറ്റുകളിൽ വീതവും, ബിഹാറിൽ നാലും, പശ്ചിമ ബംഗാളിൽ മൂന്നും, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിൽ രണ്ട് സീറ്റ് വീതവും ഛത്തീസ്ഗഡ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിലെ ഓരോ സീറ്റിലും ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും.

അടുത്തമാസം 19 നാണ് ഒന്നാംഘട്ട വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ BJP-യുമായി സഖ്യമുണ്ടാക്കാൻ തീരുമാനിച്ചതായി പട്ടാളി മക്കൾ കച്ചി പ്രഖ്യാപിച്ചതിന് പിന്നാലെ, ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇരു പാർട്ടികളും സീറ്റ് പങ്കിടാൻ ധാരണ.

ഇതുമായി ബന്ധപ്പെട്ട് തമിഴ്നാട് BJP അധ്യക്ഷൻ അണ്ണാമലൈയും, പി.എം.കെ അധ്യക്ഷനും ഇന്ന് കൂടിക്കാഴ്ച നടത്തുമെന്ന് പാർട്ടി കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ വോട്ടെടുപ്പ് തിയതി മാറ്റണമെന്ന് KPCC താൽക്കാലിക അധ്യക്ഷൻ M.M ഹസ്സനും പ്രതിപക്ഷ നേതാവ് V.D സതീശനും ആവശ്യപ്പെട്ടു. ഈ ആവശ്യം ഉന്നയിച്ച് തെരഞ്ഞെടുപ്പ് കമ്മീഷന് KPCC കത്തയച്ചതായി ഹസ്സൻ തിരുവനന്തപുരത്ത് പറഞ്ഞു. വെള്ളിയാഴ്ച വോട്ടെടുപ്പ് നടത്തിയാൽ പോളിംഗ് ഏജന്റുമാർക്ക് അടക്കം ഒട്ടേറെപ്പേർക്ക് അസൗകര്യം ഉണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

പൗരത്വ സമരത്തിൽ പങ്കെടുത്തവരുടെ കേസുകൾ പിൻവലിക്കാൻ കേരള ഗവണ്മെന്റ് എടുത്ത തീരുമാനം ഏറെ വൈകിപ്പോയെന്നും തെരഞ്ഞെടുപ്പ് വന്നപ്പോൾ കൈക്കൊണ്ട ഒന്നാണെന്നും മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. കോടതിയിൽ ഏതൊക്കെയോ ഘട്ടങ്ങളിലെത്തിക്കഴിഞ്ഞ കേസുകൾ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്ന ശേഷം എങ്ങനെ പിൻവലിക്കാനാകുമെന്നും അദ്ദേഹം ഡൽഹിയിൽ ചോദിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് ഈ മാസം 25 വരെ പേര് ചേർക്കാൻ അവസരം. നാമനിർദേശ പത്രിക സമർപ്പിക്കാൻ അവസാന തിയതിയുടെ പത്തുദിവസം മുമ്പുവരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരം ലഭിക്കുന്നത്. 18 വയസ് തികഞ്ഞ ഏതൊരു

ഇന്ത്യൻ പൗരനും തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടൽ വഴിയോ, വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചോ, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയോ വോട്ടർ പട്ടികയിൽ പേര് ചേർക്കാം.

✪✪✪

CRPF ദിനത്തിൽ ജവാന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആഭ്യന്തരമന്ത്രി അമിത്ഷാ ആശംസ നേർന്നു. രാജ്യത്തിന് വേണ്ടി ത്യാഗം സഹിച്ച രാഷ്ട്രത്തിന്റെ ധീരരായ പുത്രർക്ക് പ്രണാമം അർപ്പിക്കുന്നതായും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

മഹാരാഷ്ട്രയിലെ ഗഡ്ചിറോളിയിലുണ്ടായ ഏറ്റുമുട്ടലിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. തലയ്ക്കു 36 ലക്ഷം രൂപ ഗവണ്മെന്റ് വിലയിട്ട മാവോയിസ്റ് നേതാക്കളാണ് പുലർച്ചെയോടെ പൊലീസ് - CRPF വിഭാഗവുമായി ഉണ്ടായ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. തെലങ്കാനയിൽ നിന്നും മഹാരാഷ്ട്രയിലേക്ക് കടക്കാൻ ശ്രമിക്കവേയാണ് ഏറ്റുമുട്ടൽ നടന്നത്. ഇവരിൽ നിന്നും ലഘുലേഖകളും തോക്കുകളും പിടിച്ചെടുത്തതായി പൊലീസ് അറിയിച്ചു. പ്രദേശത്ത് സേന വിഭാഗങ്ങൾ തിരച്ചിൽ തുടരുകയാണ്.

✪✪✪

ജാർഖണ്ഡ് ഗവർണർ സി.പി രാധാകൃഷ്ണന് തെലങ്കാന ഗവർണറുടെയും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണറുടെയും അധിക ചുമതല നൽകി. ഡോ.തമിഴിസൈ സൗന്ദരരാജന്റെ

**രാജി രാഷ്ട്രപതി ദ്രൗപതി മുർമു സ്വീകരിച്ചതിന് പിന്നാലെയാണ് നിയമനം. ഇന്നലെ, തെലങ്കാന ഗവർണർ സ്ഥാനവും പുതുച്ചേരി ലെഫ്റ്റനന്റ് ഗവർണർ സ്ഥാനവും ഡോ. സൗന്ദരരാജൻ രാജിവച്ചിരുന്നു, തമിഴ്നാട്ടിൽ നിന്ന് ലോക്സഭാ തിരഞ്ഞെടുപ്പിൽ അവർ മത്സരിച്ചേക്കുമെന്ന് റിപ്പോർട്ടുകളുണ്ട്.**

✪✪✪

**ആലപ്പുഴ - അമ്പലപ്പുഴ പുറക്കാട് കടൽ ഉൾവലിഞ്ഞു. പുറക്കാട് മുതൽ പഴയങ്ങാടി വരെയാണ് കടൽ ഉൾവലിഞ്ഞത്. നിരവധി വള്ളങ്ങൾ ചെളിയിൽ താഴ്ന്നു. പുലർച്ചെ മുതലാണ് തീരത്ത് ഈ പ്രതിഭാസമുണ്ടായത്.**

**പുറക്കാട് മുതൽ തെക്ക് വടക്ക് ഭാഗങ്ങളിലായി 2 കിലോമീറ്ററോളമാണ് കടൽ ഉൾവലിഞ്ഞത്. ഈ ഭാഗങ്ങളിൽ 25 മീറ്ററോളം തീരത്ത് ചെളി രൂപപ്പെട്ടു.**

**വേലിയേറ്റത്തിന്റെ ഭാഗമായി വർഷത്തിലൊരിക്കൽ ഇത്തരത്തിൽ ഉണ്ടാകാറുണ്ടെന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പറഞ്ഞു.**

✪✪✪

**ശബരിമലയിൽ നാലാം ഉത്സവദിനമായ ഇന്ന് ഉത്സവബലി ചടങ്ങുകൾ നടന്നു. നാളെ മുതൽ വിളക്കെഴുന്നള്ളിപ്പ് നടക്കും. പൈങ്കുനി ഉത്രം നാളായ 25ന് ഉച്ചയ്ക്ക് 11.30നു പമ്പയിൽ ആറാട്ട് നടക്കും.**

അന്ന് രാവിലെ സന്നിധാനത്തേയ്ക്ക് തീർഥാടകർക്ക് നിയന്ത്രണമുണ്ട്. ആറാട്ട് ഘോഷയാത്ര സന്നിധാനത്ത് എത്തിയ ശേഷം കൊടിയിറക്കി പൂജകൾ പൂർത്തിയാക്കും. ചടങ്ങുകൾ പൂർത്തിയാക്കി രാത്രി 10നു നട അടയ്ക്കും.

✪✪✪

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതിയുടെ പേരിൽ ഏർപ്പെടുത്തിയ മാന്ധാദ്രി പുരസ്കാരം K.S ചിത്രക്ക് സമ്മാനിച്ചു. രണ്ടാം പൂരദിവസമായ ഇന്നലെ ക്ഷേത്രാങ്കണത്തിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽ മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് എം.ആർ മുരളിയാണ് അവാർഡ് സമ്മാനിച്ചത്.

✪✪✪

ലക്ഷദ്വീപിലേക്ക് ചരക്കുമായി സഞ്ചരിച്ചിരുന്ന ഗുഡല്ലൂർ രജിസ്ട്രേഷനോട് കൂടിയ MSV വരത് രാജ് എന്ന ഉരു യാത്രാ മദ്ധ്യേ അപകടത്തിൽപ്പെട്ട് പൂർണ്ണമായും വെള്ളത്തിനടിയിലായി. ആന്ത്രോത്ത് ദ്വീപിൽ നിന്നും അഗത്തി ദ്വീപിലേക്ക് സഞ്ചരിക്കവേ ആയിരുന്നു അപകടം സംഭവിച്ചത്.

ഉരുവിലുണ്ടായിരുന്ന തമിഴ്നാട് സ്വദേശികളായ എട്ടു തൊഴിലാളികളെയും വയർലസ് സന്ദേശം ലഭിച്ചതിനെ തുടർന്ന് സമീപത്തുണ്ടായിരുന്ന മത്സ്യബന്ധന ബോട്ട് രക്ഷപ്പെടുത്തി.

✪✪✪

മൂന്നാറിൽ ജനവാസമേഖലയിലിറങ്ങി നാശമുണ്ടാക്കുന്ന കാട്ടുകൊമ്പൻ പടയപ്പയെ ഉൾകാട്ടിലേക്ക് തുരത്തുന്നതിന് ശ്രമം തുടങ്ങി. ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേർന്ന

ശേഷം ഹൈറേഞ്ച് C.C.F ആർ.എസ് അരുണാണ് നിർദ്ദേശം നൽകിയത്. നിലവിൽ ഉൾകാട് അധികമില്ലാത്ത പ്രദേശത്താണ് പടയപ്പ. ഡ്രോൺ ഉപയോഗിച്ച് ആനയെ നിരീക്ഷിക്കുന്നുണ്ട്. ഉൾകാട്ടിലേക്ക് കൊണ്ടുവിടാൻ സാധിക്കുന്ന പ്രദേശത്തെത്തിയാൽ തുരത്താനാണ് നീക്കം.

മാട്ടുപ്പെട്ടിയിലും തെൻമലയിലും ഇന്നലെയും പടയപ്പ ജനവാസമേഖലയിലിറങ്ങി കടകൾ തകർത്തു. തീറ്റയും വെള്ളവും ലഭിക്കാത്തതിനാലാണ് ആന ജനവാസമേഖലയിലെത്തുന്നതെന്നാണ് വനംവകുപ്പിന്റെ നിഗമനം.

✪✪✪

കണ്ണൂർ കേളകം പഞ്ചായത്തിലെ അടയ്ക്കാതോട് കരിയാം കാപ്പിൽ കണ്ടെത്തിയ കടുവയെ പിടികൂടാൻ ശ്രമം തുടരുന്നു. ഇന്നലെ വൈകിട്ടോടെ വനംവകുപ്പ് കരിയംകാപ്പിൽ രണ്ട് കൂടുകൾ സ്ഥാപിച്ചു. നിരീക്ഷണത്തിനായി പ്രദേശത്ത് നാല് ക്യാമറകളും സ്ഥാപിച്ചു. പ്രദേശത്ത് ഏർപ്പെടുത്തിയ നിരോധനാജ്ഞ ഇന്ന് വൈകുന്നേരം വരെ നീട്ടി.

✪✪✪

അമ്മയെ കാണാൻ മകൾക്കും മകളെ കാണാൻ അമ്മയ്ക്കും അവകാശമുണ്ടെന്ന് വനിതാകമ്മിഷൻ അംഗം വി.ആർ. മഹിളാമണി പറഞ്ഞു. മലപ്പുറം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടത്തിയ ജില്ലാതല അദാലത്തിനു ശേഷം സംസാരിക്കുകയായിരുന്നു അവർ.

ജില്ലാതല അദാലത്തിൽ ആറു പരാതികൾ തീർപ്പാക്കി. എട്ടു പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പോലീസിന് നിർദേശം നൽകി.

✪✪✪

ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ കലക്ടറേറ്റിലും 100 മീറ്റർ ചുറ്റളവിലും അടുത്ത മാസം 30ന് വൈകിട്ട് ആറ് മണി വരെ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ നിരോധനാജ്ഞ പ്രഖ്യാപിച്ചു. പ്രതിഷേധ പ്രകടനങ്ങൾ നടത്തുന്നതും പൊതുജനങ്ങൾ ഒത്തുകൂടുന്നതും നിരോധിച്ചു.

ഉത്തരവ് ലംഘിച്ച് കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന വ്യക്തികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 1860-ലെ സെക്ഷൻ 188 പ്രകാരം നടപടിയെടുക്കും.

✪✪✪

ലോക്സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പോസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ പ്രിന്റ് ചെയ്യുന്ന സ്ഥാപനങ്ങൾ 1951 ലെ ജനപ്രാതിനിധ്യ നിയമ പ്രകാരം നിബന്ധനകൾ പാലിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു.

അച്ചടിക്കുന്ന പ്രചാരണ സാമഗ്രികളിൽ, പ്രിന്ററുടെയും പ്രസിദ്ധീകരിക്കുന്ന ആളിന്റേയും പേരും വിലാസവും കോപ്പികളുടെ എണ്ണവും രേഖപ്പെടുത്തിയിരിക്കണം.

✪✪✪

സംസ്ഥാനത്ത് 10 ജില്ലകളിൽ നാളെ വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കും. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിലാണ് നൽകേണ്ടത്.

✪✪✪